# CAREER Updates
# പത്രവൃത്താന്തം

**31.10.2024 (വ്യാഴം)**




- ⇨ 2024-ലെ യു.എൻ. ഹാബിറ്റാറ്റിന്റെ സുസ്ഥിര വികസന നഗരത്തിനുള്ള പുരസ്കാരത്തിനർഹമായത്
- ✔ തിരുവനന്തപുരം കോർപ്പറേഷൻ
- ● ലോകത്തിലെ മികച്ച 5 നഗരങ്ങൾക്ക് ഷാങ്ഹായ് മുനിസിപ്പാലിറ്റിയുമായി ചേർന്ന് യു.എൻ. ഹാബിറ്റാറ്റ് നൽകുന്ന പുരസ്കാരമാണ് തിരുവനന്തപുരം കോർപ്പറേഷൻ കരസ്ഥമാക്കിയത്.
- ● ഈ പുരസ്കാരം നേടുന്ന ആദ്യ ഇന്ത്യൻ നഗരമാണ് തിരുവനന്തപുരം.

- ⇨ 2024 ഒക്ടോബറിൽ കേന്ദ്ര ഐ.ടി. മന്ത്രാലയം വിജ്ഞാപനം ചെയ്ത ഇ-മെയിൽ നയം അനുസരിച്ച് സർക്കാർ ഇ-മെയിൽ വിലാസത്തിന്റെ പുതിയ ഫോർമാറ്റ്
- ✔ @xyz.gov.in
- ● 'xyz' എന്നത് സ്ഥാപനത്തിന്റെയോ സേവനത്തിന്റെയോ ചുരുക്കപേരായിരിക്കും. '@xyz.nic.in' എന്ന് അവസാനിക്കുന്ന വിലാസം ഇനി മുതൽ നിലവിലുണ്ടാകില്ല.
- ⇨ സംസ്ഥാനത്തെ ആദ്യ ഡിജിറ്റൽ ഇ-ബുക്ക് പദ്ധതി അവതരിപ്പിച്ചത്
- ✔ എം.വി.ആർ. പാപ്പിനിശ്ശേരി വെസ്റ്റ് എൽ.പി.എസ്.
- ⇨ 2024 ഒക്ടോബറിൽ സംസ്ഥാന തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ ഓംബുഡ്സ്മാനായി ചുമതലയേറ്റത്
- ✔ ജസ്റ്റിസ് പി.ഡി. രാജൻ

CAREER GUIDANCE BUREAU

- ⇨ 2024 ഒക്ടോബറിൽ ലോകാരോഗ്യ സംഘടന പുറത്തുവിട്ട റിപ്പോർട്ട് പ്രകാരം നിലവിലെ ഏറ്റവും മാരകമായ പകർച്ചവ്യാധി
- ✔ ക്ഷയം
- ● ലോകത്താകെയുള്ള ക്ഷയരോഗികളിൽ 26% ഇന്ത്യയിലാണ്.
- ⇨ 2024 ഒക്ടോബറിൽ പുറത്തിറക്കിയ ലോകത്തിലെ ഏറ്റവും വേഗമുള്ള ഹ്യൂമനോയിഡ് റോബോട്ട്
- ✔ സ്റ്റാർവൺ
- ● ചൈനീസ് കമ്പനിയായ റോബോട്ട് ഇറ പുറത്തിറക്കിയ സ്റ്റാർവൺ മണിക്കൂറിൽ 13 കിലോമീറ്റർ വേഗത്തിൽ ഓടും.
- ⇨ ഇന്ത്യയിലെ ഏറ്റവും പ്രായം കുറഞ്ഞ പാൻക്രിയാസ് ദാതാവ്
- ✔ പ്രോസ്പർ (2 വയസ്സ്)
- ⇨ ദീപാവലിയോടനുബന്ധിച്ച് അടുത്തിടെ ഏത് നദിക്കരയിലാണ് 25 ലക്ഷത്തിലധികം മൺചിരാതുകൾ ഒരുമിച്ച് കത്തിച്ച് ലോക റെക്കോഡിൽ ഇടം നേടിയത്?
- ✔ സരയൂ, അയോധ്യ
- ⇨ അടുത്തിടെ മുട്ട ചേർത്തുണ്ടാക്കിയ മയോണൈസ് നിരോധിച്ച സംസ്ഥാനം
- ✔ തെലങ്കാന
- ⇨ കേന്ദ്ര സർക്കാരിന്റെ 2023-ലെ അർബൻ മൊബിലിറ്റി അവാർഡ്സിൽ ഏറ്റവും സുസ്ഥിരമായ ഗതാഗത സംവിധാനമുള്ള നഗരത്തിനുള്ള പുരസ്കാരം നേടിയത്
- ✔ കൊച്ചി മെട്രോ റെയിൽ കോർപ്പറേഷൻ ലിമിറ്റഡ്

**കരിയർ ഗൈഡൻസ് ബ്യൂറോ**
ആറ്റിങ്ങൽ & തമ്പാനൂർ ✆ 8590 333 999